DESPATCHED
On..30/11/21...



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 114(2)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 3053/SIC-G6/2021)**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എൻ. മോഹൻകുമാർ,
TC 24/507,
ഉത്രം, തൈക്കാട്, തൈക്കാട് (പി.ഒ),
തിരുവനന്തപുരം - 14.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സസ്
ഡിപ്പാർട്ട്മെന്റ്, 9th Floor ടാക്സ് ടവർ,
കിള്ളിപ്പാലം, കരമന (പി.ഒ), തിരുവനന്തപുരം.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04/01/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/03/2021 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 26/02/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 01/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/07/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 09/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എൻ. മോഹൻകുമാർ, 26/02/2021 തീയതി സമർപ്പിച്ച പരാതി ഹർജി 01/03/2021 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 114(2)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 04/01/2021 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് 03/12/2020-ലെ സർക്കാർ ഉത്തരവിലെ (നമ്പർ GO(Rt.) 789/2020/Taxes) താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്:

1. ഹർജിക്കാരനെ ഡെപ്യൂട്ടി കമ്മീഷണറായി സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് ടി ആഫീസിൽ ലഭിച്ചിട്ടുണ്ടോ എന്നും
2. കിട്ടിയിട്ടുണ്ടെങ്കിൽ സർക്കാർ നിർദ്ദേശ പ്രകാരം ഹർജിക്കാരന് ഉത്തരവ് കൈമാറിയിട്ടുണ്ടോ എന്നും
3. ടി ഉത്തരവ് മോഹൻകുമാറിന് അയച്ചു കൊടുത്തിട്ടുണ്ടെങ്കിൽ അയച്ചു കൊടുത്ത തീയതി വ്യക്തമാക്കാമോ എന്നും
4. ടി ഉത്തരവ് ഹർജിക്കാരന് അയച്ചുകൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണവും കാലതാമസവും എന്താണെന്ന് വ്യക്തമാക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 25/03/2021-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 14/07/2021-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകന് ഡെപ്യൂട്ടി കമ്മീഷണറായി നോഷണൽ സ്ഥാനക്കയറ്റം ലഭിച്ച പ്രസ്തുത സർക്കാർ ഉത്തരവ് ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് അപേക്ഷകന് നേരത്തെ തന്നെ അയച്ചുകൊടുത്തിട്ടുള്ളതാണെന്നും, 30/01/2021-ലെ ടി കത്തിന്റെ ഒരു പകർപ്പും, പ്രസ്തുത കത്ത് അയച്ചതിനുള്ള തെളിവായി ഡെസ്പാച്ച് രജിസ്റ്ററിന്റെ പ്രസക്തമായ പേജിന്റെ പകർപ്പും ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ടിയാന് നൽകിയിട്ടുള്ളതാണെന്ന് ബോധ്യമാകുന്നു. പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 09-ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV